LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

88 (3719) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടും 2014 നവംബർ മാസം വരെയുള്ള കണക്കു പ്രകാരം എത്ര പേർക്ക് തുക കൈമാറാൻ ബാക്കിയുണ്ടെന്ന് അറിയിക്കുമോ ;

(ബി) ശ്രീമതി മേരി, കിഴക്കും തല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം എന്നയാൾക്ക് 26-10-2013-ൽ 37161/DRF/CM/2013 പ്രകാരം അനുവദിച്ച തുക കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(സി) തുക കൈമാറാനുള്ള നടപടിക്രമങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ധനസഹായത്തിനുള്ള അപേക്ഷകരുടെ ബാഹുല്യംമൂലം ഉത്തരവ് പുറപ്പെടുവിച്ച് കഴിഞ്ഞാലും ഗുണഭോക്താക്കൾക്ക് തുക ലഭ്യമാകാൻ കാലതാമസം നേരിടുന്നുണ്ട്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിന്റെ പേര് എടുത്ത് പറഞ്ഞുകൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) 20-11-2013-ലെ സ.ഉ. (സാധാ) നമ്പർ 6174/13/റവ. പ്രകാരം ശ്രീമതി മേരി, കിഴക്കുംതല വീട്, ചെലാമറ്റം, ഒക്കൽ പി.ഒ., എറണാകുളം എന്നയാൾക്ക് മാതാവിന്റെ ചികിത്സയ്ക്കായി 3,000 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചിട്ടുള്ളതും ടി തുക അപേക്ഷക്ക് കൈമാറിയിട്ടുള്ളതുമാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായം

89 (3720) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാസഹായമായി അനുവദിക്കുന്ന തുക സർക്കാർ ഉത്തരവ് ഉണ്ടായിട്ടും എന്തുകൊണ്ടാണ് ബന്ധപ്പെട്ട കളക്ടറേറ്റുകളിൽനിന്നും വിതരണം ചെയ്യാൻ കാലതാമസമുണ്ടാകുന്നതെന്ന് പറയാമോ;